

ഉണ്ണി ആറിന്റെ കഥകളുടെ പഠനം

# അധികാരത്തിന്റെ പകർന്നാട്ടങ്ങൾ

സമ്പാദനം, പഠനം

ഡോ. സിജു കെ.ഡി.

# അധികാരത്തിന്റെ പകർന്നാട്ടങ്ങൾ

## (ഉണ്ണി ആറിന്റെ കഥകളുടെ പഠനം)

*Malayalam*
**Adhikarathinte Pakarnnattangal**
(Unni Aarinte Kadhakalude Padanam)

Compilation & Study

**Dr. Siju K. D.**

First Published : September, 2023

Typeset at
Beyond Publishers, Law College Jn.
Thiruvananthapuram - 35

Printed at
Time Offset Press
Thiruvananthapuram - 695 001

Published by
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages, Kerala, 2023

SIL/5325 ISBN 978-81-19270-88-0

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

Price: ₹ 170 FT/ 3216

# അധികാരത്തിന്റെ പകർന്നാട്ടങ്ങൾ

## (ഉണ്ണി ആറിന്റെ കഥകളുടെ പഠനം)

സമ്പാദനം, പഠനം

**ഡോ. സിജ്ജ കെ. ഡി.**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

തിരുവനന്തപുരം

# ഉള്ളടക്കം


1. ചരിത്രം, രാഷ്ട്രീയം, രതി : അധികാരത്തിന്റെ പകർന്നാട്ടം — 1
**ഡോ. സിജു കെ. ഡി.**

2. കാമനയുടെ ശൂന്യാകാശം — 13
**ഡോ. അനിൽ കെ. എം.**

3. ഉണ്ണി ആറിന്റെ കഥകളിലെ ദേശം — 28
**ഡോ. എം. എസ്. പോൾ**

4. ഒഴിവുദിവസത്തെ കളി : ഒരു രാഷ്ട്രീയവിചാരം — 32
**ഡോ. സത്യൻ എം.**

5. ഉണ്ണിയുടെ കഥയും സിനിമയും — 36
**ഡോ. ആർ. വി. എം. ദിവാകരൻ**

6. മലയാളഭാവനയിലെ പുറമ്പോക്കുകളും മാലിന്യങ്ങളും — 52
**ഡോ. ഒ. കെ. സന്തോഷ്**

7. ഭയമല്ല ഞങ്ങളുടെ നിശാവസ്ത്രങ്ങൾ — 66
**ഡോ. എൻ. രജനി**

8. ബഹുജീവിതം : രണ്ടാം നിലയിൽ നിന്നുള്ള കാഴ്ചകൾ — 76
**നിശാന്ത് ടി. വി.**

9. വായനക്കാരൻ എന്ന ഉഭയജീവി — 85
**ബിജേഷ് ബി.**

10. കഥപ്പച്ചയുടെ ജീവിതപ്പെട്ടകം — 93
**ഡോ. ദീപേഷ് കരിമ്പുങ്കര**

11. അത് : ഗേ സാഹിത്യത്തിന് ഒരാമുഖം — 103
**ഡോ. അബ്ദുൾ ഗഫൂർ പി.**

12. ഭ്രതാവിഷ്ടൻ : ചരിത്രബാധിതന്റെ ക്ഷുവൽസമരങ്ങൾ — 113
**ഡോ. എം. ലിനീഷ്**

# കാമനയുടെ ശൂന്യാകാശം

ഡോ. അനിൽ കെ. എം.

ഘടനാവാദാനന്തര ചിന്തയിലെ പ്രധാനപ്പെട്ട പ്രമേയങ്ങളിലൊന്നാണ് 'ആണത്തം'. ആണത്തം/പെണ്മ എന്നിവയെ സ്വാഭാവികമെന്ന വണ്ണം സ്വീകരിക്കുന്ന സാമാന്യബോധത്തെ വിമർശവിധേയമാക്കുകയാണ് ആണത്തപഠനങ്ങളുടെ ലക്ഷ്യം. 'ആണത്തം' ജന്മസിദ്ധമല്ലെന്നും അത് ഒരു നിർമിതിയാണെന്നും മനസ്സിലാക്കിയാൽ, അതിനെ പരിഷ്കരിക്കാനും ഒരു പക്ഷേ ഇല്ലാതാക്കാനും കഴിഞ്ഞേക്കാം. സമൂഹത്തെ കൂടുതൽ സമത്വപൂർണമാക്കാൻ 'ആണത്ത'ത്തെ ഉന്മൂലനം ചെയ്യണമെന്ന രാഷ്ട്രീയമായ തിരിച്ചറിവിൽനിന്നാണ് ഈ പഠനങ്ങൾ ഉണ്ടായിവരുന്നത്. സമകാല സംസ്കാരപഠനത്തിൽ 'ആണത്ത'പഠനങ്ങൾക്ക് നിർണായകസ്ഥാനമുണ്ട്.

മലയാള ചെറുകഥയിൽ ആണത്തത്തെ ഏറ്റവുമധികം പ്രശ്നവൽക്കരിച്ച കഥാകൃത്താണ് ഉണ്ണി ആർ. മിത്തും യാഥാർഥ്യവും കുഴഞ്ഞുമറിയുന്ന കഥാന്തരീക്ഷത്തിൽ ആണത്തത്തിന്റെ വംശാവലി കണ്ടെത്തി, അതിനെ പൂർണ നഗ്നതയിൽ അവതരിപ്പിക്കാനാണ് ഉണ്ണി ശ്രമിക്കുന്നത്. ഇതിനായി അദ്ദേഹം പിൻപറ്റുന്ന രചനാസങ്കേതങ്ങളും ആഖ്യാനസ്വരൂപവും വിശദമാക്കാനാണ് ഈ പഠനത്തിൽ ശ്രമിക്കുന്നത്.

പുരുഷന്റെ ജനനേന്ദ്രിയം മാത്രമാണ് ജീവശാസ്ത്രപരമായി ആണത്തത്തെ നിർണയിക്കാനുള്ള സൂചകം. എന്നാൽ 'ലിംഗം' എന്ന സങ്കൽപ്പനവും ജീവശാസ്ത്രപരമായ യാഥാർഥ്യവും തമ്മിൽ ബന്ധമൊന്നുമില്ല. അതായത് 'പുല്ലിംഗം' എന്ന ജീവശാസ്ത്രപരമായ യാഥാർഥ്യത്തേക്കാൾ അതിന്റെ സാംസ്കാരിക സൂചനകളാണ്, 'ആണത്ത'പഠനത്തിൽ പ്രധാനമെന്ന പരികൽപ്പനയാണ് ഇത്തരം അന്വേഷണങ്ങളെ പ്രസക്തമാക്കുന്നത്. മാത്രമല്ല 'ആണത്തം' എന്ന സംജ്ഞ ആൺ ശരീരസംബന്ധിയായി മാത്രം നിലനിൽക്കുന്നതല്ല. ആണത്തത്തിന് കർതൃത്വവുമായാണ് ബന്ധമെന്നതുകൊണ്ടുതന്നെ, അതിന് പെൺ ശരീരത്തിലും പ്രവർത്തിക്കാൻ കഴിയും. കുടുംബം, മാധ്യമം, കലകൾ, കായികരംഗം എന്നിവയിലൂടെ നിരന്തരം പുനരുൽപ്പാദിപ്പിക്കപ്പെടുന്ന അവബോധമാണ് 'ആണത്തം' എന്നത്. ശസ്ത്രക്രിയയിലൂടെ ലിംഗം മാറാമെന്നിരിക്കെ ജീവശാസ്ത്രപരമായ ആണത്തത്തിന് ഇനിമേലിൽ വലിയ പ്രസക്തിയില്ല. പലപ്പോഴും സ്ത്രീകൾക്ക് 'ആണത്തം' പ്രകടിപ്പിക്കുകയോ

ആഗ്രഹിക്കുകയോ ചെയ്യേണ്ടിവരുന്ന സന്ദർഭങ്ങളുണ്ട്. ഉദാഹരണമായി 'ബിസിനസ് എക്സിക്യൂട്ടിവായ' ഒരു സ്ത്രീക്ക് 'ആണത്ത'ക്കുറവ് അനുഭവപ്പെടുന്ന സന്ദർഭങ്ങളുണ്ടാകാം. പൊട്ടിക്കരയേണ്ടിവരുന്ന സന്ദർഭത്തിൽ ഒരു പുരുഷന് 'ആണത്തം' ഭാരമായേക്കാം. ഇതൊക്കെ സൂചിപ്പിക്കുന്നത് 'ആണത്തം' ശരീരസംബന്ധിയല്ലെന്നാണ്. ആണത്തത്തിന്റെ പകർപ്പുകൾ നമുക്കുചുറ്റും ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഈ പകർപ്പുകൾ ശരീരങ്ങളെ തേടിനടക്കുകയാണ്. ബോഡി ബിൽഡിങ്ങിലൂടെ ശരിപ്പെടുത്തിയ 'സിക്സ്പാക്ക്' ശരീരം ഇത്തരത്തിലുള്ള ഒരു പകർപ്പാണ്. ഇങ്ങനെ ഒന്നിനെ മറ്റൊന്നുകൊണ്ട് പകരംവയ്ക്കാനാവുമെന്നതാണ് ആണത്തത്തിന്റെ സവിശേഷത.

'ആണത്തം' ഒരു പ്രത്യയശാസ്ത്രരൂപമാണ്. അത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ആണായിരിക്കുക എന്നതിനെ സ്വാഭാവികമായിക്കാണുന്നു എന്നതുകൊണ്ടാണ് അത് പ്രത്യയശാസ്ത്രപരമാണ് എന്ന് പറയുന്നത്. ആണത്തത്തേയും പെണ്മയേയും നിരന്തരം പുനരുൽപ്പാദിപ്പിക്കുന്നത് സ്ഥാപനങ്ങളാണ്. പ്രധാനമായും പ്രതിരൂപങ്ങളിലൂടെയും മിത്തുകളിലൂടെയുമാണ് 'ആണത്തപ്രത്യയശാസ്ത്രം' വ്യാപിക്കുന്നത്.

നോവയുടെ നഗ്നത കണ്ട് അസ്വസ്ഥരാവുന്ന ആൺമക്കളെക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ട്. 'ആണത്തം' പെൺശരീരത്തിലേക്ക് തുറിച്ചുനോക്കുന്നതുപോലെ മറ്റ് ആൺശരീരങ്ങളിലേക്ക് തുറിച്ചുനോക്കി സ്വയം വിലയിരുത്തുന്നതും പതിവാണ്. അതിന്റെ സൂചനയാണ് നോവയുടെ കഥയിൽ കാണുന്നത്. ലിംഗപരമായ വ്യത്യാസം എപ്പോഴും മനസ്സിനെ മുറിപ്പെടുത്തുന്നുണ്ട്. ഇത് ശൈശവാവസ്ഥയിലെ അനുഭവമാകുന്നതും അതിൽനിന്ന് നിരവധി പ്രതിരൂപങ്ങൾ ഉണ്ടാകുന്നതും എങ്ങനെയെന്ന് ഫ്രോയ്ഡ് വിശദീകരിക്കുന്നുണ്ടല്ലോ. ഈ പ്രതിരൂപങ്ങളിൽനിന്നാണ് പുരാണകഥാഖ്യാനങ്ങളും മറ്റും ഉണ്ടാകുന്നത്. ഈ പ്രതിരൂപങ്ങളോടും ആഖ്യാനങ്ങളോടും സാത്മീകരിച്ചാണ് 'ആണത്തം' രൂപപ്പെടുന്നത്. പ്രതിരൂപങ്ങളേയും മിത്തുകളേയും പോലെ പ്രധാനമാണ് വ്യവഹാരങ്ങളും. വൈദ്യം, നിയമം, മനോവിശകലനം, മതം, ബോധനം, രാഷ്ട്രീയം എന്നിവയെല്ലാം വ്യവഹാരങ്ങളാണ്. ഈ വ്യവഹാരങ്ങളും ആൺ/പെൺ മാതൃകകളെ നിരന്തരം നിർമിച്ചുകൊണ്ടിരിക്കുന്നു.

'ആണത്തം' പ്രത്യയശാസ്ത്രപരവും ആത്മനിഷ്ഠവുമായ മാനങ്ങൾക്കിടയിൽ ആന്ദോളനം ചെയ്യുന്നതാണ്. ജെയിംസ് ബോണ്ടിന്റെ സിനിമകണ്ട് പാതിരാത്രിക്ക് വീട്ടിൽ തിരിച്ചെത്തുന്ന പുരുഷന്റെ അനുഭവം ഇതാണ്. കാമമുണർത്തുന്നവനും സ്ത്രീകളാൽ അഭിലഷിക്കപ്പെടുന്നവനും സർവതന്ത്രസ്വതന്ത്രനുമായ ആണത്തത്തിന്റെ അവതാരത്തെയാണ് തിയേറ്ററിൽ അയാൾ കണ്ടത്. എന്നാൽ വീട്ടിലെത്തുമ്പോൾ അയാളുടെ അനുഭവം മറ്റൊന്നായിരിക്കും. ജെയിംസ് ബോണ്ടിന്റെ ആണത്തം ഒരിക്കലും തന്റെ ആത്മനിഷ്ഠ അനുഭവമല്ലെന്ന് പുരുഷൻ തിരിച്ചറിയുന്നു. ഈ സംഘർഷസ്ഥാനത്തിലാണ് ആണത്തപാഠം നിർവഹിക്കപ്പെടുന്നത്. സ്വവർഗലൈംഗികത, ഭിന്നലൈം

ഗികത, സ്ത്രീവാദം എന്നിവയെല്ലാം ആണത്തത്തെയാണ് പ്രതിസന്ധിയിലാക്കുന്നത്.

ആണത്തത്തിന്റെ ഉറവിടം ഭാഷയായതിനാൽ ഭാഷയിലെ ആഖ്യാനങ്ങളുടെ വിശകലനം പ്രധാനമാകുന്നു. ഭാഷ യാഥാർഥ്യത്തെ നിർമിക്കുന്നതാണ്. അതുകൊണ്ട് 'ആണത്തം' ശരീരത്തിൽനിന്നുണ്ടാകുന്നതല്ല പറച്ചിലുകളിൽനിന്ന് ഉണ്ടാകുന്നതാണ്. പദങ്ങളുടെ നിരുക്തമാണ് ഇക്കാര്യം ബോധ്യപ്പെടുത്തുന്നതിൽ പ്രധാനം. 'virtue' എന്ന ഇംഗ്ലീഷ് വാക്ക് 'vir' എന്ന ലാറ്റിൻ പദത്തിൽനിന്നാണ് ഉണ്ടാകുന്നത്. പുരുഷൻ എന്നാണ് ഈ വാക്കിന്റെ അർഥം. 'പുരുഷന്മാരുടെ സവിശേഷത'കളെയാണ് virtue ആയി പരിഗണിച്ചിരുന്നത്. ഇതേവിധം 'vagina' എന്ന വാക്ക് വാളുറ എന്നർഥം വരുന്ന ലാറ്റിൻ പദത്തിൽനിന്നുണ്ടായതാണ്. ഇവിടെയും പുരുഷലിംഗത്തിന് ആപേക്ഷികമായാണ് പദം രൂപപ്പെടുന്നത്. ചുരുക്കത്തിൽ പദങ്ങളുടെ ചരിത്രം ആണത്തത്തിന്റെ അധീശചരിത്രം കൂടിയാണെന്ന് പറയാം. പദതലത്തിൽ മാത്രമല്ല, വ്യാകരണതത്വങ്ങളിലും വ്യവഹാരങ്ങളിലും ഇതേവിധം ആണത്തത്തിന്റെ ചരിത്രം വായിച്ചെടുക്കാനാവും. സ്വവർഗലൈംഗികത മനുഷ്യവംശത്തിന്റെ ഉൽപ്പത്തിഘട്ടം മുതൽ ഉണ്ടാകാമെങ്കിലും അതിനെ കുറ്റകൃത്യമായും രോഗമായും അടയാളപ്പെടുത്തുന്ന വ്യവഹാരങ്ങൾ രൂപപ്പെടുമ്പോഴാണ് 'സ്വവർഗരതി'ക്ക് ഉണ്മ ലഭിക്കുന്നത്. അതായത് 19 -ാം നൂറ്റാണ്ടിൽ 'ആധുനികത' കണ്ടെത്തി നാമകരണം ചെയ്ത ഒന്നാണ് നാമിന്നറിയുന്ന സ്വവർഗരതി. ആണധികാരത്തിനകത്ത് വികസിച്ചുവന്ന വ്യവഹാരങ്ങളാണ് ഇതിന്റെ ഉറവിടം. ഇക്കാര്യമാണ് ഫൂക്കോ വിശദീകരിച്ചത്.

അകത്ത് ഭയവും പുറത്ത് ഔദ്ധത്യവുമുള്ള ഒരു സന്ദിഗ്ധതയാണ് ആണത്തം. എപ്പോഴും മുറിവേൽക്കപ്പെടാനിടയുണ്ട് എന്ന ഭയത്തിലാണ് അത് അതിജീവിക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ ആഖ്യാനങ്ങളുടെ നെടുങ്കോട്ടകൾ തീർത്ത് ആണത്തം എല്ലായ്പ്പോഴും സ്വയം സംരക്ഷിക്കാൻ ശ്രമിക്കുന്നു. ഈ ആഖ്യാനങ്ങൾ സമകാലസാഹിത്യവുമായി പാഠാന്തരബന്ധങ്ങളുണ്ടാക്കുകയും അത് ആണത്തത്തിന്റെ ശ്രേണീപദവിയെ പലതരത്തിൽ പ്രശ്നവൽക്കരിക്കുകയും ചെയ്യുന്നു. ആണത്തപഠനത്തിൽ സാഹിത്യം പ്രസക്തമാകുന്നത് അതുകൊണ്ടാണ്. സാഹിതീയവ്യവഹാരങ്ങൾ ആണത്തത്തെ പുനഃസൃഷ്ടിക്കുകയോ അപനിർമിക്കുകയോ പ്രതിരോധിക്കുകയോ ചെയ്യാം. ഒരേ പാഠത്തിൽത്തന്നെ ഇവയുടെ വ്യത്യസ്ത സാധ്യതകൾ പ്രവർത്തിക്കുന്നതിനും അവസരമുണ്ട്. ആണത്തത്തിന്റെ ചിഹ്നവ്യവസ്ഥയെ അസ്ഥിരപ്പെടുത്തുന്നതിൽ സാഹിത്യപാഠങ്ങൾക്ക് വലിയ പങ്ക് വഹിക്കാനാവും.

ശരീരം, മനസ്സ്, ശീലം, അധികാരം, ശിക്ഷണം എന്നിവയിലൂടെയെല്ലാം സാക്ഷാൽക്കരിക്കപ്പെടുന്ന ആണത്തത്തിന്റെ ഭിന്നഭാവങ്ങളെ സാഹിത്യം ആഖ്യാനം ചെയ്തിട്ടുണ്ട്. വാർപ്പു മാതൃകകളെ അപനിർമിച്ചുകൊണ്ടാണ് ഇത് നിർവഹിച്ചിട്ടുള്ളത്. ഇവിടെയാണ് ആഖ്യാനത്തിന്റെ സവിശേഷതകൾ



പ്രധാനമായി വരുന്നത്. പലപ്പോഴും ആണത്തത്തിന്റെ സൂചകങ്ങളെ പെരുപ്പിച്ചു കാണിച്ചോ ആണത്തത്തിന്റെ 'സപ്ലിമെന്റായ' പെണ്മയെ പുരഃക്ഷേപണം ചെയ്തോ ആണ് ഇത് സാധിക്കുന്നത്. ആൺ-പെൺ ലൈംഗികതയെ സ്വാഭാവികവൽക്കരിക്കുന്നതിനെ അസ്ഥിരപ്പെടുത്തിക്കൊണ്ടും സമകാലികസാഹിത്യത്തിൽ ആഖ്യാനം നിർവഹിക്കപ്പെടുന്നത് കാണാം.

ആണത്തത്തെ പുനർനിർവചിക്കാനുള്ള ശ്രമമാണ് നവോത്ഥാന മുന്നേറ്റങ്ങളുടെ കാലത്ത് കേരളീയ സമൂഹത്തിൽ നടന്നത്. ഉടുപ്പ്, നടപ്പ്, പേര് എന്നിവയിലൂടെ നിർണയിക്കപ്പെട്ട ജാതി-ലിംഗ ശരീരങ്ങളാണ് പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായിരുന്നത്. "ഒരാൾ ഏത് മതത്തിൽപ്പെട്ടതാണെന്നും ജാതിയിൽപ്പെട്ടതാണെന്നും അതിൽത്തന്നെ ഏത് ഉപവിഭാഗത്തിൽപ്പെട്ടതാണെന്നും സ്ഥാനിയാണോ ദരിദ്രനാണോ എന്നും ഓരോ വ്യക്തിയുടേയും ഉടുപ്പിലും കുറിവരയ്ക്കലിലും മുടികെട്ടിലും ആഭരണമണിയലിലും നിന്ന് ആർക്കും നിശ്ചയിക്കാൻ കഴിഞ്ഞിരുന്നു. സർവാദരണീയമായി പാലിച്ചിരുന്ന ഈ നിയമത്തിന് വിരുദ്ധമായി ആരും അന്ന് ചിന്തിച്ചിരുന്നുപോലുമില്ല." (ഭാസ്കരനുണ്ണി, 2012, 68-69). ഇത്തരം ശരീരങ്ങളെ, പൗരശരീരമാക്കി മാറ്റാനാണ് നവോത്ഥാനപ്രസ്ഥാനങ്ങൾ ശ്രമിച്ചത്. പരസ്യമായ അധികാരപ്രയോഗം, അക്രാമകമായ ഭിന്നലൈംഗികത, വിടത്വം എന്നിവയൊക്കെയാണ് ഇക്കാലത്ത് ആണത്തത്തിന്റെ ലക്ഷണമായി പരിഗണിക്കപ്പെട്ടത്. ഇത്തരമൊരു കഥാപാത്രമാണ് സൂരിനമ്പൂതിരിപ്പാട്. എന്നാൽ നവോത്ഥാനത്തിന്റെ കാലം വന്നപ്പോഴേക്കും സൂരിനമ്പൂതിരിപ്പാട് ഹാസ്യകഥാപാത്രമായി മാറുന്നു. ചന്തുമേനോൻ ഈ കഥാപാത്രത്തെ വിടനും വിഡ്ഢിയുമായാണ് അവതരിപ്പിക്കുന്നത്. ഒരു കാലത്ത് ഏറെ ആദരവോടെ പരിഗണിക്കപ്പെട്ട 'ആൺശരീരം' നവോത്ഥാനത്തിന്റെ കാലമാവുമ്പോഴേക്കും അറപ്പുളവാക്കുന്ന സാന്നിധ്യമായിത്തീരുന്നു. ഈ നോവൽ അവതരിപ്പിക്കുന്ന ആദർശാത്മക ആണത്തം മാധവന്റേതാണ്. യുക്തിബോധവും ആധുനിക വിദ്യാഭ്യാസവും നേടിയ ഈ കഥാപാത്രത്തിന് സ്വന്തം 'ലൈംഗികത'യെ നിയന്ത്രിക്കാനറിയാം എന്നതാണ് ഏറ്റവും ഉയർന്ന മൂല്യം. സൂരിനമ്പൂതിരിപ്പാടിലെ കാമം - (കയറൂരിവിട്ട ആൺ കാമന) - മാധവനിലെ പ്രണയമായി (നിയന്ത്രിതകാമന) മാറുന്ന ഘട്ടമാണ് നവോത്ഥാനം. ഇന്ദുലേഖയെ നഷ്ടപ്പെട്ടു എന്നറിയുമ്പോൾ മാധവൻ നിരാശയും കഠിനദുഃഖവും അനുഭവിക്കുന്നുണ്ട്. എന്നാൽ തന്റെ ആണത്തത്തിന് മുറിവേൽക്കുമ്പോൾ പകരംവീട്ടാൻ മടിക്കാത്ത 'പ്രാകൃത'നാണ് സൂരിനമ്പൂതിരിപ്പാട്. അതുകൊണ്ടാണ് അയാൾ ഇരുട്ടിന്റെ മറവിൽ 'കല്യാണിക്കുട്ടി'യെ തട്ടിക്കൊണ്ടുപോകുന്നത്. എന്നാൽ തന്റെ കാമുകിക്ക് മുന്നിൽ 'ശപ്പ'നായി നിൽക്കുന്ന മാധവന്റെ ആണത്തം കൂടുതൽ ദമിതമാണ്. അയാൾ ഇന്ദുലേഖയ്ക്ക് മുന്നിൽ പൊട്ടിക്കരയുന്നുണ്ട്. ഈ അമിത വൈകാരികത 'ആണത്ത'ത്തിന് ചേർന്ന ഗുണമല്ലെന്നാണ് ഇന്ദുലേഖ ഉപദേശിക്കുന്നത്. വികാരമല്ല, വിചാരവും വിവേകവുമാണ് നവോത്ഥാനപുരുഷന് അഭി

കാമ്യം. മാധവന്റെ ഈ ഗുണങ്ങൾ പ്രകടമാകുന്നത് പതിനെട്ടാം അധ്യായത്തിലാണ്. നോവലിസ്റ്റ് മാധവന്റെ ശരീരത്തെ ഒരു സ്ത്രീശരീരത്തെപ്പോലെയാണ് വർണിക്കുന്നത്. മാധവന്റെ ശരീരം യൂറോപ്യന്മാരെ ആകർഷിക്കുന്നതാണ്. യൂറോപ്യൻ ആധുനികത എന്നത് സ്ത്രൈണതയോടടുത്തുനിൽക്കുന്ന നിയന്ത്രിത ആണത്തമാണെന്ന് ചന്തുമേനോൻ കൽപ്പിക്കുന്നു. പതിവായ വ്യായാമത്തിലൂടെ പരിചരിക്കപ്പെടുന്നതാണ് മാധവന്റെ ശരീരം. മനസ്സിനെ എന്നതുപോലെ ശരീരത്തേയും നിയന്ത്രിക്കുന്ന പുതിയ ആണത്തത്തിന്റെ സ്വരൂപമാണ് മാധവനിൽ നാം ദർശിക്കുന്നത്. നവോത്ഥാനം അവതരിപ്പിച്ച ഈ സവർണ ഹിന്ദു ആണത്തത്തിന്റെ ഏറ്റവും വലിയ മികവ്, അയാളുടെ ബുദ്ധിശക്തിയാണ്. കാമത്തിൽനിന്ന് വിമോചിപ്പിക്കപ്പെട്ട, ബുദ്ധിശക്തിയാൽ അടയാളപ്പെടുത്തപ്പെട്ട ഈ ആണത്തം മീനാക്ഷി, ശാരദ തുടങ്ങിയ നോവലുകളിലെ കഥാപാത്രങ്ങളിലും കാണാം. കാമഭ്രാന്തിനെപ്പറ്റി ചെറുശ്ശേരിയും സൂരിനമ്പൂതിരിപ്പാടും തമ്മിൽ നടന്ന സംഭാഷണവും ലൈംഗികതയുടെ നിയന്ത്രണത്തിലാണ് ഊന്നുന്നത്. സ്ത്രീ-പുരുഷന്മാർ തമ്മിലുള്ള അനുരാഗമാണ് യഥാർഥ ലൈംഗികതയുടെ ആധാരമെന്നാണ് ചെറുശ്ശേരി വാദിക്കുന്നത്. 'ആണത്തം' എന്നത് ആന്തരികമായ ചില ഗുണങ്ങളുടെ പ്രകാശനമാണെന്ന് നവോത്ഥാനാധുനികത പറഞ്ഞുറപ്പിച്ചു.

മാധവന്റെ ആണത്തം ഹിന്ദുസവർണ പുരുഷന്റേതാണെങ്കിൽ, അതിനെ വെല്ലുവിളിക്കുന്നതും ഹിന്ദുത്വത്തെ ഉപേക്ഷിക്കുന്നതുമായ ആധുനിക പുരുഷന്റെ ആണത്തത്തെയാണ് നാം സരസ്വതീവിജയത്തിൽ കാണുന്നത്. ഈ രണ്ട് ആൺശരീരങ്ങളും 'കാമ'ത്തിൽനിന്ന് സുരക്ഷിതമായ അകലം പാലിക്കുന്നുണ്ട്.

നവോത്ഥാനത്തിന്റെ അടുത്തഘട്ടത്തിൽ സാമൂഹ്യവിപ്ലവത്തിനായി പൊരുതുന്ന ആൺശരീരങ്ങളെക്കാണാം. ദേശീയ സ്വാതന്ത്ര്യസമരം, കർഷക സമരം എന്നിവയുടെ നായകപദവിയിലുണ്ടായിരുന്നത് ആൺശരീരങ്ങളായിരുന്നു. എല്ലാവിധ കാമനകളേയും നിയന്ത്രിച്ച് സാമൂഹ്യവിപ്ലവത്തിനായി സ്വയം സമർപ്പിച്ച ശരീരങ്ങളെയാണ് ഇവിടെ നാം കാണുന്നത്. സംഘാടന മികവ്, അധികാരത്തെ വെല്ലുവിളിക്കാനുള്ള ധീരത, ദീനാനുകമ്പ, കാമനകളെ പൂർണമായി നിയന്ത്രിച്ച ശരീരം എന്നിവയൊക്കെയാണ് വിപ്ലവകാരിയുടെ അനന്യതയായി പരിഗണിച്ചത്.

ഒളിവിൽ താമസിക്കാനെത്തിയ ഗോപാലൻനായരെ ലക്ഷ്മിക്കുട്ടിയെ കാണാൻ വന്ന ചെറുക്കനായി തെറ്റിദ്ധരിക്കുന്ന സന്ദർഭം 'പോർക്കലി' എന്ന നോവലിൽ എ. പി. കളയ്ക്കാട് വിവരിക്കുന്നുണ്ട്. ലക്ഷ്മിക്കുട്ടിയുടെ അമ്മയായ കുഞ്ഞമ്മയാണ് ഈ തെറ്റിദ്ധാരണ പരത്തിയത്. കൂടുതൽ ആളുകൾ എത്തുന്നതിനുമുമ്പ് ഗോപാലൻനായർക്ക് അവിടെനിന്ന് രക്ഷപ്പെടേണ്ടിവന്നു. ഗോപാലൻനായരുടെ സഹപ്രവർത്തകനായ വാസുനായർ പൊലീസിന്റെ കണ്ണുവെട്ടിച്ച് നടക്കുന്നതിനിടയിൽ ഭാര്യയായ ശാരദയെ ഓർക്കുന്നുണ്ട്. ഭാര്യയേയും കുടുംബത്തേയും ഉപേക്ഷിച്ച് വിപ്ലവത്തിനിറങ്ങുന്ന ഇത്തരം

ആണുങ്ങളുടെ കാലമായിരുന്നത്. രണ്ടിടങ്ങഴിയിലെ കോരൻ ചിരുതയെ മനസ്സുകൊണ്ട് ഉപേക്ഷിച്ചാണ് ജയിലിലേക്ക് പോകുന്നത്. പാർട്ടിയുടെ പൂർണസമയ പ്രവർത്തനത്തിൽ മുഴുകിയതോടെ കോരന് കുടുംബം ഒരു ബാധ്യതയായി അനുഭവപ്പെടുന്നുണ്ട്.

കാമവും പ്രേമവും വിപ്ലവകാരിയായ പുരുഷന് ചേർന്നതല്ലെന്ന ബോധ്യം ചെറുകാടിനെ നിരന്തരം അലട്ടിയിരുന്നു.

"അവൾ എന്റെയാണല്ലോ. ഞാൻ വിഷമിച്ചു. എന്റെ ഒരംശം നഷ്ടപ്പെടുന്ന ഒരു തോന്നൽ. അവൾ അന്യാധീനപ്പെടുകയാണ്. വിചാരിക്കുന്തോറും ഒരു വല്ലായ്മ. അവളെ മറക്കാൻ വേണ്ടി ഞാൻ ഗാന്ധിയെ ഓർമിച്ചു-കേളപ്പനെ, അബ്ദുറഹിമാനെ, പി. കൃഷ്ണപിള്ളയെ" (ചെറുകാട്, 2003, 145).

"ഇ. പി. ഗോപാലൻ, പി. വി. കുഞ്ഞുണ്ണിനായർ, ഏ. കെ. ശേഖരൻ, കൊങ്ങശ്ശേരി കൃഷ്ണൻ തുടങ്ങിയ എന്റെ സഹപ്രവർത്തകർ സർവസംഗപരിത്യാഗികളായി സത്യഗ്രഹം നടത്തി അടിയും ഇടിയും കൊണ്ട് ജയിലിൽ പോയിക്കൊണ്ടിരിക്കുമ്പോൾ ഞാനൊരു 'സമ്മന്ത'ക്കാരനായി, ചാലിയൻ നൂലോട്ടംപോലെ, നാട്ടിൽ നടക്കുന്നത് നാണക്കേടായി തോന്നാതിരുന്നില്ല. ദാമ്പത്യജീവിതവും രാഷ്ട്രീയപ്രവർത്തനവും കൂട്ടിയിണക്കിക്കൊണ്ടുപോവുക അക്കാലത്ത് എളുപ്പമായിരുന്നില്ല. രാഷ്ട്രീയപ്രവർത്തനം കൊണ്ട് വിവാഹമോചനം നടത്തേണ്ടിവന്ന ഏ. കെ. ഗോപാലന്റെ കഥ ഞാൻ കേട്ടിട്ടുണ്ട്. പി. കൃഷ്ണപ്പിള്ള, കേരളീയൻ, കെ. പി. ഗോപാലൻ, കെ. പി. ആർ. ഗോപാലൻ, പി. ആർ. നമ്പ്യാർ തുടങ്ങിയ സുഹൃത്തുക്കളിലാരും കല്യാണം കഴിച്ചിട്ടില്ല. കല്യാണം വേണോ? രാഷ്ട്രീയജീവിതം വേണോ? രണ്ടും കൂട്ടിയിണക്കിക്കൊണ്ടുപോവുക എളുപ്പമല്ലതന്നെ" (ചെറുകാട്, 2003, 225).

കേരളീയ ആണത്തത്തിന്റെ സവിശേഷമായ അവതാരമായിരുന്നു ഈ 'വിപ്ലവകാരി'. പൂർവഘട്ടത്തിലെന്നപോലെ ലിംഗപരമായ ദ്വന്ദ്വകൽപ്പനയെ ഉറപ്പിക്കുകയാണ് ഈ കർതൃത്വവും ചെയ്തത്. നവോത്ഥാനം, ആധുനികത, കമ്യൂണിസം എന്നീ ഘട്ടങ്ങളിലൂടെ വികസിച്ചുവന്ന ഈ 'ആൺ' ശരീരം, പൊതുവായി പങ്കിടുന്ന ഏറ്റവും പ്രധാന സവിശേഷത അതിന്റെ ദമിതലൈംഗികതയാണ്. ഈ ദമിതലൈംഗികത സൃഷ്ടിച്ച അബോധമാണ് പിതൃമേധാവിത്വം നിലനിൽക്കുന്ന കേരളീയ സമൂഹത്തിന്റെ അടിത്തറ. ഈ അബോധത്തിൽ നിർവഹിക്കുന്ന ഉൽഖനനമാണ് ഉണ്ണി ആറിന്റെ കഥകൾ.

കേരളീയാധുനികതയുടെ ഒരു ഘട്ടത്തിലും 'ലൈംഗികത' പ്രശ്നവൽക്കരിക്കപ്പെട്ടിട്ടില്ല. 'ലൈംഗികത'യെ ഒരു നിർമിതിയായി മനസ്സിലാക്കുന്നതിൽ കേരളീയസമൂഹം പരാജയപ്പെട്ടു. ശരീരത്തെ മനസ്സുകൊണ്ടു നിയന്ത്രിച്ച് ലൈംഗികതയുടെ കെണിയിൽനിന്ന് വിമോചിപ്പിക്കപ്പെട്ട ആൺശരീരങ്ങളെയാണ് കേരളീയാധുനികത സൃഷ്ടിച്ചത്. 'ആണത്ത'ത്തിന്റെ അശ്ലീലങ്ങളിൽനിന്ന് കേരളം വിമോചിപ്പിക്കപ്പെടാതിരുന്നത് ഇതുകൊണ്ടാണ്.

'ലൈംഗികത'യെ പ്രശ്നവൽക്കരിക്കാത്ത കേരളീയാധുനികതയെ പ്രതിക്കൂട്ടിൽ നിർത്തുന്ന കഥകളാണ് ഉണ്ണി ആറിന്റേത്.

ഒറ്റയ്ക്ക് യാത്ര ചെയ്യുകയും മദ്യപിക്കുകയും തെറിപറയുകയും ചെയ്യുന്ന സ്ത്രീകളെ ഉണ്ണിയുടെ കഥകളിൽക്കാണാം. ആണുങ്ങളുടെ സാന്നിധ്യമില്ലാത്ത ആ ലോകത്ത് സ്ത്രീകൾ 'നിറഞ്ഞ ആണുങ്ങ'ളായി ആടിത്തിമിർക്കുന്നു. അവർ തങ്ങളുടെ യജമാനന്മാരെ അനുകരിക്കുന്നു. 'ആനന്ദമാർഗ'ത്തിലെ ടീച്ചർമാരുടെ യാത്ര ഒരു 'കാർണിവെലാ'ണ്. ഏതൊരു കാർണിവെലും ഒരട്ടിമറിയാണ്. ചേരാത്തവയെ തമ്മിൽ ചേർക്കുമ്പോഴുണ്ടാവുന്ന 'വൈകൃതം' ഈ കഥയുടെ മുഖ്യഭാവമാണ്. ആണുങ്ങൾ ആണുങ്ങളായിരിക്കുകയും പെണ്ണുങ്ങൾ അവരായിരിക്കുകയും ചെയ്യുമ്പോൾ നാമനുഭവിക്കുന്ന സൗന്ദര്യാനുഭൂതി ഈ കഥയിൽ കാണാനാവില്ല. സാമാന്യവായനയിൽ ഈ കഥ ജനിപ്പിക്കുന്നത് 'ബീഭത്സം' എന്ന രസമായിരിക്കും. 'ബീഭത്സശരീര'വും (grotesque body) 'ക്ലാസിക്കൽ ശരീര'വും (classical body) തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ബക്തിൻ 'കാർണിവെൽ' എന്ന ആശയം വിശദീകരിക്കുന്ന വേളയിൽ സൂചിപ്പിക്കുന്നുണ്ട്. 'ആനന്ദമാർഗ'ത്തിലെ സ്ത്രീശരീരങ്ങളെല്ലാം 'ബീഭത്സ'ശരീരങ്ങളാണ്. ലോകത്തെ പുറംതള്ളുന്ന ശരീരമാണത്. ഈ 'ബീഭത്സശരീരം' ആൺ-പെൺ ലൈംഗികതയുടെ കലർപ്പുള്ളതാണ്. പരസ്പരം പുറന്തള്ളുന്ന ഒരു പ്രക്രിയയിലൂടെയാണ് ആൺ/പെൺ എന്ന ലിംഗനിർമിതി സംഭവിക്കുന്നത്. ഇതൊരു ശുദ്ധീകരണപ്രക്രിയയാണ്. ശുദ്ധിയുടെ ഈ അടിത്തറ ഇന്ത്യൻ ജാതിവ്യവസ്ഥ തന്നെയാണ്. ആയതിനാൽ 'ആനന്ദമാർഗം' എന്ന കഥ ഇന്ത്യൻ ജാതിപ്രത്യയശാസ്ത്രത്തെയും അത് നിർമിക്കുന്ന ലിംഗപദവികളെയും അസ്ഥിരപ്പെടുത്തുന്നു. കഥയിൽ കുലസ്ത്രീകൾ ചന്തപ്പെണ്ണുങ്ങളായി പരകായ പ്രവേശം നടത്തുകയാണ് ചെയ്യുന്നത്. തങ്ങൾ സൃഷ്ടിക്കുന്ന കാർണിവെലിനിടയിൽ ദാമ്പത്യത്തിന്റെ 'യാഥാർഥ്യം' കാനൽജലം പോലെ ഒഴുകുന്നത് ചില വേളകളിൽ അവർ അറിയുന്നുണ്ട്. കേരളീയാധുനികത നിർമിച്ചെടുത്ത 'ആണത്ത'ത്തിന്റെ ഭിന്നഭാവങ്ങളാണ് അവരുടെ കുടുംബങ്ങളിൽ അരങ്ങു തകർക്കുന്നത്. വീടിന് പുറത്തുള്ള 'പൗരശരീരം' വീടിനകത്തെത്തുമ്പോൾ 'ആണത്ത'ത്തിലേക്ക് പരകായപ്രവേശം നടത്തുന്നു. രാഷ്ട്രീയം, പ്രബുദ്ധത, പുരോഗമനം എന്നിവയൊക്കെ 'പൗരശരീര'ത്തെ അടയാളപ്പെടുത്തുന്ന കുറികളാണ്. അവയെല്ലാം മായ്ച്ചുകളഞ്ഞാണ് 'ആണുങ്ങൾ' കുടുംബത്തിലേക്ക് പ്രവേശിക്കുന്നത്. മാധവനും കോരനും അപ്പുണ്ണിയും ഇക്കാര്യത്തിൽ വ്യത്യസ്തരല്ല.

ആധുനികതയുടെ കടവ് കടന്ന, നവീകരിക്കപ്പെട്ട 'ആൺശരീര'ങ്ങൾ അവരുടെ 'പ്രാകൃതശരീര'ത്തെ സ്വപ്നം കാണുകയും ഓർമയിൽ താലോലിക്കുകയും ചെയ്യു. അതുണർത്തുന്ന കാമനകളിൽനിന്ന് ആണത്തത്തിന് ഒരിക്കലും മോചനമുണ്ടായിരുന്നില്ല.

"നീ അയാളെ കണ്ടോ?" ശശാങ്കന്റെ കൈയും കാലും വിറയ്ക്കുന്നുണ്ട്. ചുണ്ടിനെ ഇടയ്ക്ക് നാവ് വന്ന് ഉമിനീരുകൊടുത്ത് ജീവൻ വയ്പ്പിക്കുന്നു.

"കണ്ടു."

"എന്നിട്ട്?"

"ഏഴടിപ്പൊക്കം. അതിനൊത്ത വണ്ണം".

ദൈവമേ എന്നും പറഞ്ഞ് ശശാങ്കൻ ചിറയിലെ മണ്ണിലേക്ക് ഒറ്റയിരിപ്പായിരുന്നു. ആ ഇരുപ്പിലേക്ക് കാലിനെ തളർത്തിയതെന്താണെന്ന് മറ്റാരെക്കാളുമധികം എനിക്കറിയാവുന്നതുകൊണ്ട് ഞാനും കൂടെ ഇരുന്നു.

"പ്രായത്തിന്റെ ഒരു ചുളിവുപോലും മുഖത്തില്ല. ഒത്ത ഒരു മനുഷ്യൻ. പിന്നെ..."

"പിന്നെ...?"

"പൂർണനഗ്നൻ"

ആ നഗ്നതയും ജരാനരകൾ ബാധിക്കാത്ത പുരുഷത്വവും ശശാങ്കനെ കുറച്ചുനേരത്തേക്ക് ഇരുട്ടിലാഴ്ത്തിക്കളഞ്ഞു. അതിൽനിന്നുമുയിർത്തുവരുമ്പോൾ ശശാങ്കന്റെ നാവ് വറ്റിപ്പോയിരുന്നു. പിന്നീടുള്ളതത്രയും ഒറ്റശ്വാസത്തിന്റെ പെരുവിരലിൽനിന്നാണ് ശശാങ്കൻ കേട്ടത്.

"ഞാൻ ചെല്ലുമ്പോൾ പൂർണനഗ്നരായ രണ്ട് പെൺകുട്ടികളാണ് വാതിൽ തുറന്നത്. പതിനാറോ പതിനേഴോ പ്രായം. വലിയൊരു കസേരയിലേക്ക് കൈപിടിച്ച് കൊണ്ടുപോയി ഇരുത്തി. മധുരപലഹാരങ്ങൾ തന്നു. കുടിക്കാൻ ഒരു ടംബ്ലർ നിറയെ പാല്. എന്റെ ശരീരമാകെ കുന്തിരിക്കത്തിന്റെ പുക നിറച്ചു. ആ പുകച്ചുരുളിലിരിക്കുമ്പോഴാണ് ഒരു സ്വപ്നത്തിലെന്നപോലെ നാല് നഗ്നകളായ സ്ത്രീകൾക്കൊപ്പം മത്തമാപ്പിള വരുന്നത് കാണുന്നത്. എഴുന്നേൽക്കാനാവാതെ തറച്ചിരുന്നുപോയ എന്റെയരികിൽ വന്നിരുന്നശേഷം അദ്ദേഹം ഒന്നുമാത്രമേ എന്നോടു പറഞ്ഞുള്ളൂ. ഒരു ശിൽപ്പം ചെയ്യണം." ഇവിടെ വച്ച് ഞാൻ എന്റെ വിവരണം അവസാനിപ്പിച്ചു.

മത്തമാപ്പിള എല്ലാ ആധുനികപുരുഷനിലും രഹസ്യമായി ചുരമാന്തുന്ന 'ദമിതലൈംഗികത' തന്നെയാണ്. മത്തമാപ്പിളയുമായി സാത്മീകരിക്കുന്നതിലൂടെയാണ് ഒരാൾ 'ആണാ'യിത്തീരുന്നത്. ആണത്തത്തിന്റെ 'ആദർശാത്മക അഹ'മാണ് മത്തമാപ്പിള. ഈ കഥാപാത്രത്തെയാണ് 'ഒരു ഭയങ്കരകാമുകൻ' എന്ന് വിളിക്കുന്നത്. 'മത്തമാപ്പിള' ഒരു യാഥാർത്ഥ്യമല്ലെന്ന് പിന്നീട് നാം കഥയിൽ മനസ്സിലാക്കുന്നുണ്ട്.

ആണത്തത്തിന്റെ 'അസാധ്യത'യെയാണ് മത്തമാപ്പിള സൂചിപ്പിക്കുന്നത്. 'മത്തമാപ്പിള'യെ മനസ്സിന്റെ ആഴങ്ങളിൽ കുഴിച്ചുമൂടിയാണ് ആധുനിക കേരളത്തിലെ 'ശപ്പ'ന്മാരും കുടുംബത്തെ ഉപേക്ഷിച്ച 'വിപ്ലവകാരി'കളും തങ്ങളുടെ റോളുകൾ അഭിനയിച്ചു തീർത്തത്. പുരുഷശരീരത്തിന്റേയും ലൈംഗികതയുടേയും പെരുപ്പിച്ച രൂപമാണ് മത്തമാപ്പിള. മത്തമാപ്പിളയുടെ 'പ്രാകൃത' ശരീരത്തെ വെട്ടിയൊതുക്കിയാണ് യൂറോപ്യന്മാരെ ആകർഷിക്കാൻ ശേഷി

യുള്ള മാധവന്റെ സവർണ്ണ കോമളശരീരം വാർത്തെടുത്തത്. 'മത്തമാപ്പിള' ഒരു വാർപ്പുമാതൃകയാണ്. അശ്ലീലസാഹിത്യത്തിലും ആണുങ്ങളുടെ സമൂഹ കാമനയിലും 'മത്തമാപ്പിള'യുടെ ശരീരം ആരാധിക്കപ്പെട്ടു.

"മത്തമാപ്പിളയുടെ വീട്ടിലേക്കുള്ള വഴി ഒരു കടങ്കഥ പോലെയാണ്. ആരും ആ വഴിക്ക് പോകാറില്ല. ഇരുപത്തിയഞ്ചേക്കർ ഭൂമിക്ക് നടുവിലാണ് പുരയിടം. മരങ്ങൾ കൂട്ടുകൂടി വളർന്നുനിൽക്കുന്നതുകൊണ്ട് വീട് കാണാനാവില്ല."

മത്തമാപ്പിളയുടെ ഈ വീട് ആണത്തത്തിന്റെ അബോധം തന്നെയാണ്. ഈ അബോധത്തിലേക്ക് ഒരു കലാകാരൻ നടത്തുന്ന സാഹസികയാത്രയാണ് കഥ. മത്തമാപ്പിളയുടെ വീട്ടിലേക്കുള്ള വഴി ഒരു 'കടങ്കഥ'യാണെന്ന് പറയുന്നതിൽ തുടങ്ങുന്ന അഗമ്യഗമനത്തെക്കുറിച്ചുള്ള സൂചനകൾ. ഈഡിപ്പസിനോട് സ്ഫിംഗ്സ് കടങ്കഥ ചോദിക്കുന്നു. ഈഡിപ്പസ് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയുന്നു. സ്ഫിംഗ്സ് തലപൊട്ടിച്ചാവുന്നു. പക്ഷേ പിന്നീട് ഈഡിപ്പസ് പ്രവേശിക്കുന്നത് അഗമ്യഗമനത്തിന്റെ അജ്ഞാതദേശത്തേക്കാണ്. ഉത്തരം മുട്ടിയാൽ മരണവും ഉത്തരം പറഞ്ഞാൽ അമ്മയുമായുള്ള രതിയും വാഗ്ദാനം ചെയ്യുന്ന വിചിത്രമായ മൊഴിരൂപമാണ് കടങ്കഥ. മരണത്തിനും കാമനയ്ക്കും ഇടയിലൂടെയുള്ള നൂൽപ്പാലത്തിലൂടെയാണ് ഈ കഥയിലെയും നായകൻ-ശിൽപ്പി - കടന്നുപോകുന്നത്. 'കടങ്കഥ' എന്ന സൂചകത്തിന്റെ സാരസ്യം ഇവിടെയാണ് വെളിപ്പെടുന്നത്.

മത്തമാപ്പിള സാത്താന്റെ സേവക്കാരനാണ്. പുരോഹിതൻ വിശ്വാസികളോട് അയാളെ അകറ്റിനിർത്തണമെന്ന് ഉപദേശിക്കുന്നു. ഇഹലോകത്തിന്റെ യുക്തികളിൽനിന്ന് പുറന്തള്ളപ്പെട്ട മത്തമാപ്പിളയുടെ ഗേഹം അബോധമനസ്സിന്റെ അന്യാപദേശം എന്ന നിലയിലാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്: "ഒന്നുരണ്ട് വലിയ പന്നികൾ വഴി മുറിച്ച് ഓടിപ്പോയി. അവരുടെ കറുത്ത വാലുകളിൽ വലിയ ചിത്രശലഭങ്ങൾ ചിറക് വിടർത്തി ഇരിപ്പുണ്ടായിരുന്നു. ഇരുവശങ്ങളിലും ഇടതൂർന്നുനിന്ന ചെടികളുടെ പൂക്കളിൽനിന്നും നീലനിറമുള്ള രണ്ടായി പിളർന്ന നാവുകൾ കാറിന്റെ ഇരുമ്പ് ഉടലിനെ രുചിച്ചു." ഈ വിവരണത്തിലെ ഇമേജുകളെല്ലാം ഭയവും കാമനയും ഒരേസമയം ഉൽപ്പാദിപ്പിക്കുന്നവയാണ്. ഈ സന്ദിഗ്ധതയാണ് ആണത്തം. ഈ സന്ദിഗ്ധതയിൽനിന്ന് ആധുനിക കേരളത്തിലെ 'ശപ്പ'ന്മാർക്ക് ഒരിക്കലും പുറത്തുകടക്കാനായിട്ടില്ല. ഉയർന്ന മൂല്യബോധം, ആത്മനിയന്ത്രണം, സ്വാതന്ത്ര്യബോധം എന്നിവയാണ് ആധുനിക ദേശരാഷ്ട്രത്തിലെ ആൺശരീരത്തിന് അഭികാമ്യമായിട്ടുള്ളത്. ആയതിനാൽ 'മത്തമാപ്പിള'യുടെ ശരീരം ദേശരാഷ്ട്രത്തിൽനിന്ന് പുറന്തള്ളപ്പെട്ട ഒന്നാണ്. ദേശരാഷ്ട്രത്തിന്റെ പുറമ്പോക്കിലാണ് മത്തമാപ്പിളയുടെ താവളം. അതിന്റെ സാന്നിധ്യം ദേശരാഷ്ട്രത്തെ നിരന്തരം ഭീഷണിപ്പെടുത്തുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. പുരോഹിതന്റെ ഭയം ഇതിന്റെ സൂചന

യാണ്. ദേശരാഷ്ട്രത്തിന് അഭിമതമായ ' ആണത്ത' മാണ് പുരോഹിതന്റേത്. ഇതിന്റെ വിശ്വരൂപത്തെ പിന്നീട് നാം 'പ്രതി പൂവൻകോഴി' എന്ന നീണ്ട കഥയിൽ കാണും.

മത്തമാപ്പിളയെ നേരിട്ട് കാണാൻ ശിൽപ്പിക്ക് കഴിയുന്നില്ല. അയാളുടെ സഹായിയായ കുനുള്ള മനുഷ്യനിൽനിന്ന് ലഭിക്കുന്ന നിർദേശങ്ങൾക്കനുസരിച്ചാണ് ശിൽപ്പി തന്റെ കലാസൃഷ്ടി നിർവഹിക്കുന്നത്. 'ചുങ്കം കുട്ടിയമ്മ' എന്ന 'പോക്കുവരവ്'കാരിയെ 'മോഡൽ' ആക്കാനാണ് മത്തമാപ്പിള നിർദേശിച്ചതെന്ന് കുനുള്ള മനുഷ്യൻ ശിൽപ്പിയെ അറിയിക്കുന്നു. അവരുടെ സ്ഥിരം പറ്റുകാരനായിരുന്ന മത്തമാപ്പിള എന്നത് നാട്ടിലുടനീളം പ്രചരിക്കുന്ന കഥയാണ്. ചുങ്കംകുട്ടിയമ്മയേയോ മത്തമാപ്പിളയേയോ ആരും കണ്ടതായി പറയുന്നില്ല.

"ചുങ്കംകുട്ടിയമ്മയുടെ മുഖവും ആകാരവും വ്യക്തമാക്കുന്ന ഒരു ലഘുവിവരണം കുനുള്ള മനുഷ്യനിൽനിന്നും കേട്ടു. ഈ വർണനയ്ക്കനുസരിച്ച് സ്കെച്ചുകൾ തയാറാക്കുവാൻ മത്തമാപ്പിള പറഞ്ഞിട്ടുണ്ടെന്നും അറിയിച്ചു. എന്റെ കൗമാരകാലത്തെ മുഷ്ടിമൈഥുനനേരങ്ങളിൽ നിറയാറുള്ള രൂപത്തിലുമെത്രയോ അധികം സുന്ദരമാണവരെന്ന് ഞാൻ അത്ഭുതപ്പെട്ടു."

ആ വിവരണത്തെ വരകളിലേക്ക് വിവർത്തനം ചെയ്ത് പത്തോളം സ്കെച്ചുകളുണ്ടാക്കി. ഓരോ സ്കെച്ചിന്റേയും പോരായ്മകളും ഇനിയും വേണ്ടതെന്തൊക്കെയെന്നുള്ള മത്തമാപ്പിളയുടെ നിർദേശങ്ങളുമായി ഓരോ ദിവസവും രാവിലെ കുനുള്ള മനുഷ്യൻ വരും. ഒരു ദിവസം രാവിലെ അയാൾ പറഞ്ഞു: "ഇന്ന് മുതൽ പണി തുടങ്ങാം."

കുനുള്ള മനുഷ്യന്റെ വിവരണങ്ങളിൽ മാത്രമാണ് മത്തമാപ്പിളയും ചുങ്കംകുട്ടിയമ്മയുമുള്ളത്. അയാളുടെ വചനത്തിൽനിന്ന് വരകളും രൂപങ്ങളും പിറവിയെടുക്കുന്നു. അസാന്നിധ്യത്തിന്റെ സാന്നിധ്യത്തിൽ നിന്നാണ് കലാസൃഷ്ടിയുടെ പിറവി. ഒളിഞ്ഞുനോട്ടങ്ങൾ കഥയിലുടനീളമുണ്ട്. ചുങ്കംകുട്ടിയമ്മയുടെ സങ്കേതത്തിനുചുറ്റും നടന്ന്, അവരുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞുനോക്കാൻ ശ്രമിക്കുന്നവരുണ്ട്. മത്തമാപ്പിളയുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞുനോക്കാനാണ് കലാകാരൻ ശ്രമിക്കുന്നത്.

ഒരിക്കൽ കുട്ടിയമ്മയുടെ മുഖം കാണാൻ ആഗ്രഹിച്ച ഒരു മാപ്പിളയോട് "ലിംഗത്തിൽ രക്തഅണലിയെ ചുറ്റിക്കാണിക്കു, അപ്പോൾ കാണിക്കാം"എന്ന മറുപടിയാണത്രേ അവർ നൽകിയത്. ഈ അഹങ്കാരമാണ് കലാകാരനെ ആവേശം കൊള്ളിച്ചത്. കുട്ടിയമ്മയ്ക്ക് ജന്മം നൽകുന്ന ഗർഭപാത്രമായി കലാകാരന്റെ വിരലുകൾ മാറുന്നു. ഒടുവിൽ താനുണ്ടാക്കുന്ന പ്രതിമയോട് അയാൾക്ക് അഗാധമായ പ്രണയവും കാമവും തോന്നുന്നു. ആ പ്രതിമയിലേക്ക് ആരും ഒളിഞ്ഞുനോക്കാതിരിക്കാൻ അയാളത് താഴിട്ടുപൂട്ടുന്നു. ഒടുവിൽ പ്രതിമയുടെ പണി കഴിയുന്ന ദിവസം പിടയ്ക്കുന്ന മനസ്സുമായി കലാകാരൻ മത്തമാപ്പിള

യുടെ വീട്ടിലേക്ക് കടന്നുചെല്ലുന്നു. പതിവിൽനിന്ന് വ്യത്യസ്തമായി മൗനം ആ വീടിന്റെ പരിസരത്ത് തളംകെട്ടിനിന്നിരുന്നു. ഒടുവിൽ പ്രതിമയുണ്ടാക്കുന്ന പണിപ്പുരയിൽച്ചെന്ന് നോക്കുമ്പോൾ കുട്ടിയമ്മയുടെ പ്രതിമയുമായി രതിയിലേർപ്പെടുന്ന ഒരു മനുഷ്യശരീരത്തെ കലാകാരൻ കാണുന്നു. അതയാൾക്ക് സഹിക്കാൻ കഴിഞ്ഞില്ല. താനെത്രയോ കാലമായി കാണാനാഗ്രഹിച്ച മത്തമാപ്പിള തന്നെയായിരിക്കും അതെന്ന് അയാൾ ഉറപ്പിച്ചു. തന്റെ ലൈംഗികഭാവനകളുടെ സാക്ഷാൽക്കാരമായ ആ പെൺപ്രതിമയോട് രതിയിലേർപ്പെടുന്ന 'ഭയങ്കരകാമുക'നെ കനത്ത ഒരു ഇരുമ്പുകൂടം കൊണ്ട് കലാകാരൻ ഇല്ലാതാക്കുന്നു. അതുവരെ ഒളിഞ്ഞുനോക്കാൻ ശ്രമിച്ച ആ ശരീരത്തിലേക്ക് ആ നിമിഷം അയാൾ തുറിച്ചുനോക്കുന്നു. ചോരയിൽ കുളിച്ചുകിടക്കുന്ന ആ ശരീരം പക്ഷേ ഒരു സ്ത്രീയുടേതായിരുന്നു. "ആ അരക്കെട്ടിന് താഴെ, നരച്ച രോമങ്ങൾക്കിടയിൽ പതിഞ്ഞുകിടക്കുന്ന സർപ്പശിരസ്സു പോലൊരു യോനി!"

'ഒരു ഭയങ്കരകാമുകൻ' എന്ന തലക്കെട്ട് വായനക്കാരെ മുഴുവൻ വഴി തെറ്റിക്കുകയായിരുന്നുവെന്ന് വ്യക്തമാകുന്നത് കഥാന്ത്യത്തിലാണ്. ഈ ഘട്ടത്തിൽ 'കഥ' തീർത്തും 'കടങ്കഥ' യാകുന്നു. കടങ്കഥയിലെ കുരുക്കുകൾ അഴിച്ചുതീരുമ്പോഴേക്കും ഉത്തരം പറയുന്നയാൾ സ്വയം ഇല്ലാതായതായി തിരിച്ചറിയുന്നു. മത്തമാപ്പിള കലാകാരന്റെ ആദർശാത്മകപൗരുഷമാണ്. അതിനെ തൃപ്തിപ്പെടുത്താനായി അയാൾ ചുങ്കംകുട്ടിയമ്മയുടെ പ്രതിമയുണ്ടാക്കി മത്തമാപ്പിളയ്ക്ക് കൊടുക്കാൻ ശ്രമിക്കുന്നു. പക്ഷേ അതിനുമുമ്പേ സ്വന്തം സൃഷ്ടിയുമായി കലാകാരൻ അഗാധമായ പ്രണയത്തിലായിപ്പോവുന്നു. തന്റെതന്നെ ആദർശാത്മക ആണത്തത്തിനെതിരേ അയാൾ കലാപമുയർത്തുന്നു. ഇത് അയാളുടെ ജീവിതത്തിലെ ഈഡിപ്പൽ ഘട്ടം തന്നെ. എന്നാൽ ഇതുവരെ സാക്ഷാൽക്കരിക്കാൻ ശ്രമിച്ച 'ആണത്തം' ഒരു മിഥ്യയാണെന്ന് കലാകാരൻ തിരിച്ചറിയുന്നു. ആണത്തത്തെ സാക്ഷാൽക്കരിക്കാനും തൃപ്തിപ്പെടുത്താനും നടത്തിയ ശ്രമങ്ങൾ ഒടുവിൽ പെണ്മയുടെ ഉന്മൂലനത്തിൽ കലാശിക്കുന്നു. ആദർശാത്മകമായ ആണത്തം മിഥ്യയായിത്തീരുകയും 'പെണ്മ' മരിച്ചുപോകുകയും ചെയ്യുന്നതോടെ കലാകാരൻ തീർത്തും ശൂന്യമായ ഒരിടത്തിൽ എത്തിച്ചേരുന്നു. ലൈംഗികതയെ സംബന്ധിച്ച 'രാഷ്ട്രീയശരിമ' (Political Correctness)യിൽ കഥ അവസാനിക്കുന്നു. ലൈംഗികതയുടെ ഈ ശൂന്യസ്ഥലമാണ് മനുഷ്യനാഗരികതയുടെ ലക്ഷ്യസ്ഥാനം. അതിലേക്കുള്ള വഴിയാകട്ടെ കഥയുടേതാണ്. കലയുടെ വിപ്ലവമൂല്യമാണ് ഈ കഥയുടെ കാതൽ. കലാകാരൻ തന്റെ ആണത്തത്തെ തേടി അബോധത്തിന്റെ ആഴങ്ങളിലേക്ക് സഞ്ചരിക്കുന്നു. അതിനെ തൃപ്തിപ്പെടുത്തുകയായിരുന്നു അയാളുടെ ലക്ഷ്യം. എന്നാൽ ഒടുവിലത് പെണ്മയായിരുന്നുവെന്ന് അയാൾ തിരിച്ചറിയുന്നു. ആ തിരിച്ചറിവിനുമുന്നേ പെണ്മയേയും അയാൾ ഉന്മൂലനം ചെയ്തുകഴിഞ്ഞിരുന്നു.

'ലീല' എന്ന കഥയിലാകട്ടെ കഥാനായകന്റെ 'ആണത്തം' ആനയുടെ രൂപത്തിലെത്തി അയാളുടെ 'ആഗ്രഹ'വസ്തുവിനെ ചവിട്ടിയരയ്ക്കുന്നു. അയാളത് നിസ്സഹായനായി നോക്കി നിൽക്കുന്നു. ആണത്തം തന്നിൽനിന്ന്

കൊഴിഞ്ഞുപോകുന്നതോടെ അയാളൊരു ശൂന്യപാത്രമായിത്തീരുന്നു. കുട്ടിയപ്പന് സ്വന്തം ആണത്തത്തിനുമുന്നിൽ പകച്ചുനിൽക്കാനേ കഴിഞ്ഞുള്ളൂ. 'ഒരു നിമിഷത്തിന്റെ അർധമാത്രയിൽ തന്റെ ഇണയെ ചേർത്തുപിടിക്കുമ്പോലെ നീണ്ടുവന്നൊരു കൈ ലീലയെ ചുറ്റിനിന്നു. അത് ആകാശത്തേക്ക് അവളെ ഉയർത്തിയിട്ട് കൊമ്പിന്റെ മൂർച്ചയിൽ രാകിയെടുത്തു. പിന്നെ കാലുകൾക്കിടയിലേക്ക് കിടത്തിയിട്ട് ഇരുട്ടിന്റെ മഹാകാരം പൂണ്ട ആ വലിയ ജീവി ഉപരിസുരതത്തിനെന്നപോലെ ലീലയിലേക്ക് തന്റെ ഭാരത്തെ ഇറക്കിവച്ചു.'

19-20 നൂറ്റാണ്ടുകളിൽ കേരളീയാധുനികത ഉൽപ്പാദിപ്പിച്ച ശപ്പന്മാരുടേയും വിപ്ലവകാരികളുടേയും അബോധത്തിലേക്ക് ദമനം ചെയ്യപ്പെട്ട 'ആണത്ത' ത്തിന്റെ ബീഭത്സരൂപമാണ് 'ആന'. അതിനുമുന്നിൽ പകച്ചുനിൽക്കാൻ മാത്രമേ ഈ ശപ്പന്മാർക്ക് കഴിയൂ. 'ലീല'യിലെ കഥാന്ത്യത്തിൽ പ്രത്യക്ഷപ്പെട്ട വന്യമായ ആണത്തത്തെ തിരഞ്ഞാണ് 'ഒരു ഭയങ്കരകാമുകനി' ലെ കലാകാരൻ അബോധത്തിന്റെ ആഴങ്ങളിലേക്ക് സഞ്ചരിക്കുന്നത്. ഈ സാഹസികസഞ്ചാരത്തിൽ അയാൾ ഒരേസമയം ഇരയും വേട്ടക്കാരനുമാണ്. ആത്മബലിയിലൂടെയാണ് അയാൾ സത്യദർശനം നടത്തുന്നത്. ഈ രണ്ട് കഥകളെ പരസ്പരം ചേർത്തുവയ്ക്കുമ്പോൾ ആഖ്യാനങ്ങളുടെ ഒരു തുടർച്ച വായിച്ചെടുക്കാനാകും. ഒരു സൂചകം മറ്റൊരു സൂചകത്തിലേക്ക് എന്നതുപോലെ ഒരു കഥ മറ്റൊന്നിലേക്ക് നമ്മെ നയിക്കുന്നു. സാഹിത്യചരിത്രത്തിലെ പാഠാന്തരബന്ധങ്ങളാണ് ഈ സൂചകശൃംഖലയെ ചലിപ്പിക്കുന്നത്. ഭാഷയിലും പ്രതീകങ്ങളിലും കഥാകൃത്ത് നടത്തുന്നത് ഏകാഗ്രമായ ഉൽഖനനമാണ്. ഇത്തരം പ്രവൃത്തികൾ സ്വയം ചില കലാസിദ്ധാന്തങ്ങളിൽ എത്തിച്ചേരുന്നതെങ്ങനെയെന്ന് ആർ. വിശ്വനാഥൻ കവിതയെ മുൻനിർത്തി സമർഥിച്ചിട്ടുണ്ടല്ലോ. ഇക്കാര്യം ഉണ്ണി ആറിന്റെ കഥകൾക്കും ബാധകമാണ്.

കാരൂരിന്റെ മരപ്പാവകൾ കലയെ സംബന്ധിച്ച ചില മൗലികപ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. കലാകാരിയുടെ മനസ്സിന്റെ ബഹിർപ്രകാശനമായ കലാസൃഷ്ടി എന്ന മനശ്ശാസ്ത്രതത്വമാണ് അതിൽ പ്രവർത്തിച്ചത്. കലാസൃഷ്ടിക്ക് പിറകിൽ 'അതിഭൗതികസാന്നിധ്യ'(Metaphysical presence)മായി കലാകാരിയുടെ മനസ്സ് പ്രവർത്തിക്കുന്നുണ്ടെന്നാണ് കാരൂർ പറയുന്നത്. മനസ്സിന്റെ അബോധത്തെക്കുറിച്ചുള്ള ഫ്രോയ്ഡിയൻ പരികൽപ്പനയാണിത്. കഥാനായിക താനുണ്ടാക്കിയ പ്രതിമകളെക്കുറിച്ച് ഇങ്ങനെ പറയുന്നു:

'അതങ്ങനെയായിപ്പോയി. പത്തൻപതെണ്ണം ഉണ്ടാക്കിയപ്പോൾ ഈ നിലയായി. കൃഷ്ണന്റെ രൂപമുണ്ടാക്കി. കാണുന്നവരൊക്കെ വാങ്ങിച്ചുപോന്നു. മൂന്നും നാലും അണ വിലകിട്ടുമായിരുന്നു. ക്രമേണ വേഷം ശ്രീകൃഷ്ണന്റേയും രൂപം വേറൊരു കൃഷ്ണന്റേയുമായി. വേറൊരു കൃഷ്ണനെന്നുവച്ചാൽ ഒരു കാലത്ത് ഞാൻ കൃഷ്ണനെപ്പോലെ കരുതിപ്പോരുന്നയാള്. അയാളുടെ കാര്യമോർക്കുമ്പോൾ എനിക്ക് കലി വരും. പാവയുണ്ടാക്കിക്കഴിയുമ്പോൾ അയാളെപ്പോലിരിക്കും. എന്റെ കോപം മുഴുവൻ പാവയുടെ മുഖത്തും. ഒടുവിലൊടുവിൽ

ആളുകൾ പാവ മേടിക്കാതായി. പിന്നെ ആ പണി നിറുത്തിവച്ചു. ശ്രീപാർവതിയുടെ രൂപമുണ്ടാക്കിനോക്കി, എന്നു വച്ചാൽ ഒരു സ്ത്രീരൂപമുണ്ടാക്കി അതിന് ശ്രീപാർവതിയെന്ന് പേരിട്ടു. അല്ലാതെ ഞാൻ പാർവതിയെ കണ്ടിട്ടോ മറ്റോ ഉണ്ടോ? പാർവതി തപസ്സുചെയ്തെന്നും ശിവന്റെ കൂടെ നൃത്തം ചെയ്തെന്നും ഒക്കെ ഞാൻ കേട്ടിട്ടൊണ്ട്. സിനിമായിൽ കണ്ടിട്ടുമൊണ്ട്. പിന്നെ പാർവതിയും പരമേശ്വരനും കൂടെ ചിലപ്പോൾ പിണങ്ങാറുണ്ടുപോലും. അതൊക്കെ ഓർത്തുകൊണ്ട് പാവയുണ്ടാക്കിത്തുടങ്ങി. ചിലപ്പോൾ കണ്ണാടിയിൽ നോക്കി പാർവതിയെപ്പോലെ ഞാൻ ഓരോ ഭാവം കാണിച്ച് അതുപോലെ പാവയുണ്ടാക്കും. ഞാൻ പാർവതിയാണെന്ന് ഭാവിച്ചുകൊണ്ടാ പണി. ഒടുക്കമുണ്ടല്ലോ, പാർവതിയൊക്കെ ഒരു പോലെ' (കാരൂർ, 2008, 353-54).

ചരിത്രത്തിന്റെ അബോധമാണ് കല എന്ന് ജീവൽസാഹിത്യപ്രസ്ഥാനം ഉറപ്പിച്ചുപറഞ്ഞ കാലത്താണ് 'വ്യക്തിയുടെ അബോധമാണ് കല' എന്ന് കാരൂർ ഈ കഥയിലൂടെ സമർഥിക്കാൻ ശ്രമിക്കുന്നത്. കാരൂരിന്റെ 'അബോധം' ഫ്രോയ്ഡിയൻ അബോധമാണ്. എന്നാൽ ഈ അബോധത്തെ വേട്ടയാടിപ്പിടിക്കാൻ ശ്രമിക്കുന്ന കലാകാരനെയാണ് 'ഒരു ഭയങ്കരകാമുകനി'ൽ കാണുന്നത്. അബോധത്തിന്റെ തിരിക്കുറ്റിയായി അയാൾ കൽപ്പിച്ചത് 'പുല്ലിംഗ'ത്തെയാണ്. ഈ പ്രതീക്ഷയാണ് കഥാന്ത്യത്തിൽ തകിടം മറിയുന്നത്. അതോടെ ഫ്രോയ്ഡ് മനശ്ശാസ്ത്രത്തിൽ കെട്ടിയുയർത്തിയ നെടുങ്കോട്ടകളാണ് തകർന്നടിഞ്ഞത്.

സ്വന്തം മനസ്സിന്റെ ആഴങ്ങളിലേക്ക് ഒരു കലാകാരൻ നടത്തുന്ന സാഹസികയാത്രയാണ് കഥയുടെ ഉള്ളടക്കം. 'മരപ്പാവകളി'ൽ മനസ്സിന്റെ ബഹിർഗമനതത്വമാണ് ആവിഷ്കരിച്ചതെങ്കിൽ, ഇവിടെ എതിർദിശയിലാണ് സഞ്ചാരം. ഒടുവിലത് ഫ്രോയ്ഡിയൻ അബോധത്തെ തകർത്ത് തരിപ്പണമാക്കിക്കളയുന്നു. മത്തമാപ്പിളയുമായുള്ള കലാകാരന്റെ ബന്ധം ഈഡിപ്പൽ കോംപ്ലക്സിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കാം എന്ന് ഉറപ്പിച്ചിരിക്കുന്ന നിരൂപകനെ തറപറ്റിച്ചാണ് ഉണ്ണി ആർ. തന്റെ കഥ പറഞ്ഞുതീർക്കുന്നത്. ഫ്രോയ്ഡിയൻ സിദ്ധാന്തങ്ങളുടെ 'പുല്ലിംഗകേന്ദ്രിതത്വ' ത്തെ സംബന്ധിച്ച് ഫെമിനിസ്റ്റുകൾ ഉന്നയിച്ച വിമർശനത്തിലേക്ക് കഥാകൃത്ത് സ്വയം നടന്നു കയറുകയായിരുന്നു.

കാരൂരിൽനിന്ന് ഉണ്ണി ആറിലേക്കുള്ള ഈ ദൂരം ആധുനികതയിൽനിന്ന് ഉത്തരാധുനിക ചെറുകഥയിലേക്കുള്ള ദൂരം തന്നെയാണ്.

**കുറിപ്പുകൾ**

1) ആധുനികതയും ആണത്തവും: ഘാതകവധം (1827) മുതൽ നാലുകെട്ട്. (1958) വരെയുള്ള നോവലുകൾ ആധാരമാക്കി കേരളീയ ലിംഗപദവി രൂപീകരണത്തെപ്പറ്റി ഒരു പഠനം' എന്ന അപ്രകാശിത ഗവേഷണ പ്രബന്ധം.

2) ഭാഷയിൽ പണിയെടുക്കുന്ന തച്ചന്മാരാണ് കവികൾ. 1950 കൾക്കു ശേഷം കാവ്യസിദ്ധാന്തങ്ങളും അതുമായി ബന്ധപ്പെട്ട ആലോചനകളുമെല്ലാം ഭാഷയുടെ ദർശനത്തിലൂന്നിക്കൊണ്ടാണ് വികസിച്ചുവന്നിട്ടുള്ളത്. ഭാഷാപരമായ തിരിവ്/ ലിംഗ്വിസ്റ്റിക് ടേൺ' എന്ന് സാമാന്യമായി ഈ ഘട്ടത്തെ സൈദ്ധാന്തികർ വിശേഷിപ്പിക്കാറുണ്ട്. അതോടുകൂടി ഭാഷയിൽ സൂക്ഷ്മമായ സഞ്ചാരം നിർവഹിച്ചിരുന്ന കവികൾക്ക് സൈദ്ധാന്തികർ കണ്ടെത്തിയ പല കാര്യങ്ങളും സമാന്തരമായ ഒരു ഉൾക്കാഴ്ചയായി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് പലരും നിരീക്ഷിച്ചിട്ടുണ്ട്. ഈ അർഥത്തിൽ ആർ. വിശ്വനാഥൻ നടത്തിയ നിരീക്ഷണമാണ് 'ഇവിടുത്തെ അതികവിത: അവിടുത്തെ സിദ്ധാന്തം' എന്ന ലേഖനം. അപനിർമാണത്തിന്റേയും അതിനുശേഷം വന്നിട്ടുള്ള ചിഹ്നവിജ്ഞാനീയത്തിന്റേയും നിരവധി ഉൾക്കാഴ്ചകൾ നമ്മുടെ കവികൾ അവരുടെ കാവ്യരചനാനുഭവത്തെ വിശദീകരിക്കുന്ന വേളയിൽ സ്വയം കണ്ടെത്തിയിട്ടുണ്ടെന്നാണ് ഈ പ്രബന്ധത്തിൽ വിശ്വനാഥൻ പറയുന്നത്. ഉണ്ണി ആറിന്റെ കഥയും ആ അർഥത്തിൽ ഒരു അതികഥയാണ് എന്നുപറയാം.

## ഗ്രന്ഥസൂചി


1. ഉണ്ണി ആർ., ഒരു ഭയങ്കര കാമുകൻ, ഡി. സി. ബുക്സ്, കോട്ടയം, 2016.
2. കളയ്ക്കാട് എ. പി., പോർക്കലി, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2017.
3. കാരൂർ നീലകണ്ഠപ്പിള്ള, കാരൂർ കഥകൾ - സമ്പൂർണം വാല്യം 2, എച്ച്&സി പബ്ലിഷിങ് ഹൗസ്, തൃശ്ശൂർ, 2008.
4. ചെറുകാട്, ജീവിതപ്പാത, കറന്റ് ബുക്സ്, തൃശ്ശൂർ, 2003.
5. ഭാസ്കരനുണ്ണി പി., പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2012.
6. വിശ്വനാഥൻ ആർ., ആർ. വിശ്വനാഥന്റെ ലേഖനങ്ങൾ: അന്വയം, അവസ്ഥയും ആഖ്യാനവും, അനന്വയം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2017.
7. Dentith Simon, Bakthinian Thought : An introductory reader, Routledge, London, 1996.
8. Reeser Todd W., Masculinities in Theory : An Introduction, Wileyblackwell, UK, 2010.


## പ്രബന്ധം


* യാക്കോബ് തോമസ്, 2019, ആധുനികതയും ആണത്തവും: ഘാതകവധം (1877) മുതൽ നാലുകെട്ട് (1958) വരെയുള്ള നോവലുകൾ ആധാരമാക്കി കേരളീയ ലിംഗപദവി രൂപീകരണത്തെപ്പറ്റി ഒരു പഠനം, അപ്രകാശിത പിഎച്ച്.ഡി. പ്രബന്ധം, മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി.